## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2843

18 .08.2017-ൽ
മറുപടിയ്ക്ക്

# വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യവികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എ.അഹമ്മദ് കബീർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) കേരളത്തിലെ വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി, അറ്റകുറ്റപണി, ടോയിലറ്റ് നിർമ്മാണം ചുറ്റുമതിൽ നിർമ്മാണം റീവയറിംഗ്, അഡീഷണൽ റൂം നിർമ്മാണം, കുടിവെള്ള സൗകര്യം ലഭ്യമാക്കൽ ഇവയ്ക്കുള്ള പ്രൊപ്പോസൽ 13-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഭൂമിയുടെ കരം അടക്കുന്നതിന് നിലവിൽ സ്വീകരിച്ചു വരുന്ന നടപടികൾക്ക് പകരം ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സംവിധാനത്തിലൂടെ കരം അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലേയും ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സേവനങ്ങളായ ഓൺലൈൻ പോക്കുവരവും റവന്യൂ ഇ-പെയ്മെന്റും നടപ്പിലാക്കുന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള 1243 എണ്ണത്തിൽ ഓൺലൈൻ വഴി നികുതി ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള 421 വില്ലേജുകളിലും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഡിജിറ്റൈസേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് ഓൺലൈനായി കരം സ്വീകരിക്കുവാനുള്ള ഇ-പെയ്മെന്റ് സിസ്റ്റം നടപ്പിലാക്കാനാകും. |

| | |
|---|---|
| (സി) റവന്യൂ വകുപ്പിലെ ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി ഒരു പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) റവന്യൂ വകുപ്പിലെ ജീവനക്കാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനായി വിവിധ മാർഗ്ഗങ്ങൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ആയതിനാൽ റവന്യൂ വകുപ്പിലെ ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി പ്രത്യേകം പഠനം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ